(5) The above Electrical Diploma holders who have put in a minimum service of 20 years in the Electrical Department after taking their Diploma in Electrical Engineering will be considered for promotion to the Executive Engineer's cadre, limiting their number to 20 per cent of Graduate Executive Engineers.

Questions posted for answer on 3—3—1951.

പെരിയാർ വാലി പദ്ധതി

*൯൫൫. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിയാർ വാലി പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായോ;

(ബി) ഇൻവെസ്റ്റിഗേഷൻ എന്നാരംഭിച്ചു;

(സി) ഈയിനത്തിൽ ഇതിനകം എത്രരൂപാ ചിലവായി;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് എന്തു ചിലവ് വരുമെന്നു പ്രതീക്ഷിക്കുന്നു;

(ഇ) പ്രസ്തുത പദ്ധതിയുടെ ജോലി എന്നാരംഭിക്കും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പൂർത്തിയായി.

(ബി) ൧൯൨൫ മീനത്തിൽ.

(സി) ൩൪,൭൨,൦൫൬ രൂ. ൫ പ.

(ഡി) ൩൫൭൫ ലക്ഷം രൂ.

(ഇ) ഇപ്പോഴത്തെ തീരുമാനിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഗവണ്മെന്റിന്റെ ആലോചനയിലിരിക്കയാണ്.

ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ

*൯൫൬. (൩) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്തു നിലവിലുള്ള ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ, ഈ വർഷം എത്ര കേസുകൾ തീരുമാനിച്ചു;

(ബി) തീരുമാനിക്കേണ്ട കേസുകൾ എത്രയെണ്ണം പ്രസ്തുത ട്രിബ്യൂണലുകൾ മുമ്പാകെ നിലവിലുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൫൦-ൽ ആകെ ൨൭ കേസുകളും, ൧൯൫൧-ൽ ൩ കേസുകളും കേട്ട് തീരുമാനിച്ചിട്ടുണ്ട്.

(ബി) ൧൯൫൧ ജനുവരി അവസാനംവരെ ൩൩ കേസുകൾ നിലവിലുണ്ട്.

DIESEL OIL BUSES

*916. [6] Sri. N. D. Jose: Will the Hon'ble Minister for Transport be pleased to state:

(a) whether the Government proposes to buy Diesel Oil buses; if so—
(b) the cost of each bus;
(c) the seating capacity of each bus;
(d) the cost per running mile;
(e) the number of years the buses are expected to be in running condition?

LIBRARY ARCHIVES Kerala Legislative Assembly